# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3470

## 15-03-2018 ൽ മറുപടിക്ക്

**മോട്ടോർ വാഹന നികുതിവരുമാനത്തിന് തുല്യമായ റോഡ് വികസന പദ്ധതികൾ**

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) സംസ്ഥാനത്ത് മോട്ടോർ വാഹന നികുതിയിനത്തിൽ മാത്രം എത്ര രൂപയാണ് നാളിതുവരെ കിഫ്ബിയിൽ പിരിഞ്ഞുകിട്ടിയിട്ടുള്ളത്; | കിഫ്ബിയിൽ നാളിതുവരെ മോട്ടോർ വാഹന നികുതി ഇനത്തിൽ മാത്രം 902.88 കോടി രൂപ ലഭ്യമായിട്ടുണ്ട് . |
| (ബി) ഈ തുക ഏതെല്ലാം തരത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത്; | കിഫ്ബി നിധിയിലേക്ക് ലഭ്യമാകുന്ന മോട്ടോർ വാഹന നികുതി ഉൾപ്പെടെയുള്ള തുക കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ് മെൻറ് ഫണ്ട് ആക്റ്റിലെ വ്യവസ്ഥ പ്രകാരം കിഫ്ബി പദ്ധതികളുടെ പൊതുവായ നടത്തിപ്പിനായിട്ടാണ് വിനിയോഗിക്കുന്നത്. ഇതുവരെ 6326.84 കോടി രൂപയുടെ റോഡ് വികസന പദ്ധതികൾക്ക് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) ഇത്തരത്തിൽ മോട്ടോർ വാഹന നികുതിയിനത്തിൽ പിരിഞ്ഞുകിട്ടിയ തുകയ്ക്ക് തുല്യമായ റോഡ് വികസന പദ്ധതികൾ സംസ്ഥാനത്ത് ആസൂത്രണം ചെയ്തിട്ടുണ്ടോ; | |
| (ഡി) മോട്ടോർ വാഹന നികുതിയിനത്തിൽ ലഭിയ്ക്കുന്ന തുക വക മാറ്റി ചെലവഴിക്കുന്നത് കാരണം റോഡ് വികസനത്തിനായി ഭീമമായ തുക കടമെടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ? | ബി പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ നികുതിയിനത്തിൽ ലഭിക്കുന്ന തുക കിഫ്ബിയിൽ വക മാറ്റി ചെലവഴിക്കുന്നില്ല. കൃത്യമായ ഒരു തിരിച്ചടവ് പദ്ധതിയുടെ ഭാഗമായി ഒരു നിശ്ചിത പരിധിയിൽ നിന്നുകൊണ്ട് ധനസമാഹരണം നടത്തി കിഫ്ബി വഴിയുള്ള പദ്ധതികൾ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആയതിനാൽ ഇത് സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതല്ല. |

(signature)

സെക്ഷൻ ഓഫീസർ